

● സംഭാഷണം

# കമ്യൂണിസത്തിൽനിന്ന് ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക്

**അബ്ദുൽഹകീം കൊല്ലം/**
**സ്വദ്റുദ്ദീൻ വാഴക്കാട്**

**ഇ.എം.എസും പാർട്ടിയും കശ്മീർ പ്രശ്നത്തിൽ ആദ്യം സ്വീകരിച്ച നയത്തിൽനിന്ന് പിറകോട്ടു പോയി. പാർട്ടി വളർന്നപ്പോൾ പലതും അവരുപേക്ഷിച്ചു. അധികാരത്തോടുള്ള ആർത്തി കമ്യൂണിസ്റ്റ് പാർട്ടിയെ പിടികൂടി. രാഷ്ട്രീയം ഒരു കച്ചവടമാണെന്ന ചിന്ത അക്കാലത്ത് എന്റെ ഉള്ളിൽ വളരാൻ തുടങ്ങി. അധികാരം മുൻനിർത്തിയുള്ള ബന്ധങ്ങളും സഖ്യങ്ങളും രൂപപ്പെട്ടുവരാൻ തുടങ്ങി. ഇതൊക്കെ എന്റെ മനസ്സിൽ പാർട്ടിയോട് വലിയ മടുപ്പുണ്ടാക്കി. അതോടെ എന്റെ പ്രവർത്തനം കുറഞ്ഞു. പാർട്ടി വിടുന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചു.**

***കുടുംബ പശ്ചാത്തലം?***

തിരുവനന്തപുരം ചിറയിൻകീഴ് താലൂക്കിലെ ചെമ്മരുതി മുസ്‌ലിം ജമാഅത്തിൽപെട്ട മുത്താന ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്. മതബോധം കുറഞ്ഞ ദരിദ്ര മുസ്‌ലിം കുടുംബമായിരുന്നു എന്റേത്. പിതാവിന് കച്ചവടമായിരുന്നു. എന്റെ പിതാമഹൻ 'തങ്ങൾ' എന്നും പിതാവ് 'ലബ്ബ' എന്നുമാണ് അറിയപ്പെട്ടിരുന്നത്. കുടുംബത്തിൽ ഇസ്‌ലാമികബോധം ഉണ്ടായിരുന്നില്ല. ഞങ്ങളെ മതചിട്ടയിൽ വളർത്തുകയോ നമസ്കരിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്തിരുന്നില്ല. മദ്‌റസാ പഠനം ഇല്ലായിരുന്നു. നാട്ടിൽ മദ്‌റസാ സംവിധാനവും ഉണ്ടായിരുന്നില്ല. ഞങ്ങൾ താമസിക്കുന്ന പ്രദേശം ഇസ്‌ലാമിക അന്തരീക്ഷമുള്ളതായിരുന്നില്ല. ഞാൻ ഇസ്‌ലാമിനെക്കുറിച്ച് പഠിച്ചതും ആരാധനാകർമങ്ങൾ നിർവഹിക്കാൻ തുടങ്ങിയതുമൊക്കെ ജമാഅത്തെ ഇസ്‌ലാമിയിലൂടെയാണ്. എനിക്ക് സ്കൂൾ വിദ്യാഭ്യാസവും അധികം നേടാനായിട്ടില്ല. നാലാം ക്ലാസ് വരെയാണ് പഠിച്ചത്. ദാരിദ്ര്യം കാരണം പഠനം ഉപേക്ഷിക്കേണ്ടിവന്നു.

***അന്നത്തെ മുസ്‌ലിം ജീവിതം?***

ഞങ്ങളുടെ പ്രദേശം ഒട്ടും മതബോധമുള്ളതായിരുന്നില്ല. കമ്യൂണിസ്റ്റ് കേന്ദ്രമായിരുന്നു അവിടം. കമ്യൂണിസ്റ്റ് പാർട്ടിയുടെ ആധിപത്യത്തിനെതിരെ പ്രതികരിക്കാൻ പറ്റുംവിധം മറ്റാർക്കും സ്വാധീനമില്ലാത്ത പാർട്ടി ഗ്രാമമായിരുന്നു അത്. ഞാൻ കമ്യൂണിസ്റ്റുകാരനായിരിക്കുമ്പോൾ ഞങ്ങളുടെ പള്ളിയിൽ ചുവന്ന കൊടിവരെ കെട്ടിയിട്ടുണ്ട്. പുറത്തുനിന്ന് ഇതര പാർട്ടിക്കാർ വന്നാൽ കമ്യൂണിസ്റ്റ് പാർട്ടിക്ക് പൂർണ ആധിപത്യമുള്ള ഗ്രാമമാണിതെന്നും മറ്റാരും ഇങ്ങോട്ട് കയറരുതെന്നും കാണിക്കാനാണ് പള്ളിയിൽ കൊടികെട്ടിയത്. ഭയങ്കര ധിക്കാരമാണ് ഞാൻ കാണിച്ചത്. പക്ഷേ, അന്ന് ഞങ്ങൾക്ക് ഭയങ്കര അഭിമാനമായിട്ടാണത് തോന്നിയത്. തെരഞ്ഞെടുപ്പുകാലം വന്നാൽ വീടുവീടാന്തരം കയറി മുസ്‌ലിം സ്ത്രീകളെയൊക്കെ ഇറക്കിക്കൊണ്ടുവന്ന് വോട്ടുചെയ്യിക്കുമായിരുന്നു. അന്നത് വലിയ ആവേശമായിരുന്നു. പിന്നീട് എന്തൊരു അവിവേകമാണ് ഞാനന്ന് ചെയ്തതെന്ന് തോന്നിയിട്ടുണ്ട്.

മുസ്‌ലിം സമൂഹത്തിന് മതപഠനമോ ബോധമോ ഒന്നും വേണ്ട രീതിയിലുണ്ടായിരുന്നില്ല. മതനേതാക്കൾ ആകപ്പാടെ ചെയ്തിരുന്നത് പള്ളി പരിപാലനവും വല്ലപ്പോഴും വഅ്ളു സംഘടിപ്പിക്കലുമായിരുന്നു. ഇത്തരം കാര്യങ്ങളല്ലാതെ വിദ്യാഭ്യാസപരമായി സമുദായത്തെ വളർത്തിയെടുക്കുന്ന പരിപാടികളൊന്നും നടന്നിരുന്നില്ല.

കുളത്തൂപ്പുഴ പ്രദേശത്ത് ഒരു വ്യക്തി മുസ്‌ലിംകളുടെ ഉയർച്ചക്കു വേണ്ടി ഒറ്റക്ക് ശ്രമിച്ചിരുന്നു. മതപരമായ എന്തെങ്കിലും ചില പ്രവർത്തനങ്ങൾ അവിടെ സംഘടിപ്പിക്കണമെന്നാഗ്രഹിച്ച മീരാസാഹബ് ലബ്ബയായിരുന്നു അത്. ഏതാണ്ട് പതിനാറു വർഷം ആ മഹല്ലിന്റെ പ്രതിഫലം പറ്റാത്ത ഖത്വീബായിരുന്നു അദ്ദേഹം. നല്ല വായനാശീലമുള്ള വ്യക്തിയായിരുന്നു ലബ്ബ. നല്ല പ്രായമുണ്ട്, അവശനാണ്. ഇപ്പോഴും വായിക്കും.

***എങ്ങനെയാണ് കമ്യൂണിസ്റ്റ് പാർട്ടിയിലെത്തിയത്?***

ഇ.എം.എസ്സിന്റെ വ്യക്തിപ്രഭാവമാണ് എന്നെ കമ്യൂണിസ്റ്റ് പാർട്ടിയിലേക്ക് ആകർഷിച്ചത്. അന്ന് പല വിഷയങ്ങളിലും അദ്ദേഹമെടുത്തത് ആർജവമുള്ള നിലപാടുകളായിരുന്നു. ചൈനീസ്-കശ്മീർ പ്രശ്നങ്ങൾ ഉദാഹരണം. ഏതാണ്ടെല്ലാ പാർട്ടികളും പത്രങ്ങളും കശ്മീരിന് പ്രത്യേക പദവി നൽകുന്നതിനെ ശക്തമായി എതിർത്തപ്പോഴും ഇ.എം.എസ് ആർജവത്തോടെ കശ്മീരിന്റെ പ്രത്യേക പദവി നിലനിർത്തുന്നതിന് വേണ്ടി വാദിച്ചു. *ദേശാഭിമാനി* മുൻപേജിൽ വലിയ തലക്കെട്ടിൽ അദ്ദേഹത്തിന്റെ ലേഖനം വന്നത് എനിക്കിപ്പോഴും ഓർമയുണ്ട്. ചരിത്രവസ്തുതകളും രേഖകളും വെച്ചാണ് അതിലദ്ദേഹം വിഷയം അവതരിപ്പിച്ചിരുന്നത്.

***കമ്യൂണിസ്റ്റ് പാർട്ടിയോട് വിടപറയാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ?***

ഞാൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സജീവപ്രവർത്തകനായിരുന്നു. 1964-ൽ കമ്യൂണിസ്റ്റ് പാർട്ടി പിളർന്നു. വിശാലജനാധിപത്യം എന്നൊരു കാഴ്ചപ്പാട് പാർട്ടിയിലുണ്ടായി. രാജ്യക്ഷേമത്തിലും ജനങ്ങളുടെ അഭിവൃദ്ധിയിലും താൽപര്യമുള്ള ബൂർഷ്വാസികളെ കൂടി ഉൾക്കൊള്ളുന്നതാണ് വിശാല ജനാധിപത്യം. പാർട്ടിയുടെ മൂന്നാം കോൺഗ്രസ്സിലാണിതുണ്ടായത്. വിശാലജനാധിപത്യം എന്ന ആശയം രൂപംകൊണ്ട പാർട്ടി കോൺഗ്രസ്സിനോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ ഞാനും പങ്കെടുത്തിരുന്നു. അന്ന് ഞാൻ പാർട്ടി മെമ്പറായിരുന്നു. ആ കാഴ്ചപ്പാട് പിന്നീട് എനിക്ക് അരോചകമായി തോന്നി.

പ്രായപൂർത്തിയാകും മുമ്പുതന്നെ ഞാൻ പാർട്ടിയോഗങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു. തമിഴ്നാട്ടിൽവെച്ചാണ് അതു തുടങ്ങിയത്. 15-16 വയസ്സേ അന്നെനിക്കുണ്ടായിരുന്നുള്ളൂ. എന്റെ പിതൃസഹോദരൻ മാനേജരായിരുന്ന ഒരു ബീഡി കമ്പനിയുണ്ടായിരുന്നു അവിടെ. അതിലെ ജോലിക്കു വേണ്ടിയാണ് ഞാൻ തമിഴ്നാട്ടിൽ പോയത്. തിരുനൽവേലിയി

ലായിരുന്നു കമ്പനി. അവിടത്തെ പാർട്ടി പ്രവർത്തനങ്ങൾ എന്നിൽ ആവേശമുണ്ടാക്കി. ഞാൻ പാർട്ടിയെക്കുറിച്ച് പഠിക്കാൻ തുടങ്ങി. തമിഴ്പുസ്തകങ്ങൾ ധാരാളം വായിച്ചു. എന്നെ പാർട്ടിക്കും ആവശ്യമായിരുന്നു. രാത്രി ഒരാൾ വന്ന് എന്നെ വിളിച്ചുകൊണ്ടുപോകും യോഗത്തിന്. അന്ന് 'സെല്ലു'കളാണുണ്ടായിരുന്നത്. 7 പേരടങ്ങുന്ന ഒരു യൂനിറ്റാണ് സെൽ. സെല്ലുകളിൽ പാർട്ടി അംഗത്വമുള്ളവർക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. അല്ലാത്തവർക്ക് ഗ്രൂപ്പുകളാണുണ്ടായിരുന്നത്; നമ്മുടെ മുത്തഫിഖ് ഹൽഖകൾ പോലെ.

സെല്ലുകൾ പാർട്ടി രഹസ്യങ്ങൾ സൂക്ഷിക്കുന്ന സ്ഥലമായിരുന്നു. സെല്ലിൽ വെച്ച് എന്നോട് പറഞ്ഞത് 'ഇത് രക്തം കൊടുത്ത് ഊട്ടി വളർത്തിയ പ്രസ്ഥാനമാണ്, അതുകൊണ്ട് ഒരിക്കലും പാർട്ടിയെ വഞ്ചിക്കരുത്, പാർട്ടി രഹസ്യങ്ങൾ പുറത്തു പറയരുത്' എന്നായിരുന്നു. 'നിങ്ങൾ ചെറിയ പയ്യനായതുകൊണ്ട് യോഗം കഴിഞ്ഞു ചെന്നാൽ എവിടെയായിരുന്നു പോയതെന്ന് അവർ ചോദിക്കും. പക്ഷേ, ഒന്നും തുറന്നു പറയരുത്' എന്നും എന്നെ ഉപദേശിച്ചു. സെല്ലുകളിൽ നല്ല ക്ലാസ്സുകൾ നടക്കും. നമുക്ക് ആവേശമുണ്ടാക്കുന്നതായിരിക്കും അവ. രാത്രി ക്ലാസ് കഴിഞ്ഞാൽ പോസ്റ്ററുകൾ ഒട്ടിക്കാൻ പോകും. കുറേ കഴിഞ്ഞപ്പോൾ ഒളിയും മറയുമെല്ലാമങ്ങ് മാറി. എനിക്ക് തന്റേടവും കൂടി. അന്ന് ജില്ലാസമിതിയുടെ സർക്കുലർ പകർത്തിയെഴുതാൻ എന്നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. തമിഴ് എഴുതാനറിയുന്നവർ കുറവായിരുന്നു. എം.ആർ വെങ്കട്ടരാമനായിരുന്നു അന്ന് സെക്രട്ടറി.

ബീഡിത്തൊഴിലാളികളുടെ ശമ്പളം കുറക്കാനുള്ള ഒരു ശ്രമം അന്ന് നടക്കുകയുണ്ടായി. ഫാക്ടറികളിൽ ബീഡി തെറുക്കാൻ സംവിധാനമുണ്ടായിരുന്നു. പിന്നീട് ഔട്ട് വർക്ക് ആക്കാൻ കമ്പനി തീരുമാനിച്ചു. അതനുസരിച്ച് വീടുകളിൽ കൊണ്ടുപോയി തെറുക്കണം. കമ്പനി ഇഷ്ടപ്പെട്ട കൂലി കൊടുത്താൽ മതിയാകും അപ്പോൾ. ഇതിനെതിരെ സമരം ആരംഭിക്കാൻ തീരുമാനിച്ചു. 40,000 ബീഡിത്തൊഴിലാളികൾ അംഗങ്ങളായുള്ള ജില്ലാ ബീഡിത്തൊഴിലാളി സംഘടനയുണ്ടായിരുന്നു. എല്ലാ സംഘടനകളും ചേർന്നാണ് സമരം തീരുമാനിച്ചത്. നിരാഹാരമിരിക്കാൻ എന്നെയാണ് തെരഞ്ഞെടുത്തത്. മേലേപാളയം ഒരു മുസ്‌ലിം ഭൂരിപക്ഷപ്രദേശമായിരുന്നു. ഒരു മുസ്‌ലിം നിരാഹാരമിരുന്നാൽ മുസ്‌ലിംകളുടെ പിന്തുണ കിട്ടുമെന്നതായിരുന്നു കണക്കുകൂട്ടൽ. നിരാഹാരമിരിക്കാൻ ഞാൻ സന്നദ്ധനായി.

പാർട്ടി നേതാവ് ബാലവിനായകം എന്നെ വിളിച്ച് കുറേ ഉപദേശങ്ങൾ തന്നു. 'ശാരീരികമായ ഒട്ടേറെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവരും. എന്തുവന്നാലും തൊഴിലാളികളെ വഞ്ചിക്കരുത്. ജീവൻ പോയാലും സമരത്തിൽ നിന്ന് പിന്മാറരുത്' എന്നെല്ലാമായിരുന്നു അദ്ദേഹം പറഞ്ഞത്.

നിരാഹാര സമരത്തിന്റെ മുന്നോടിയായി ഞങ്ങൾ കലക്ടറേറ്റ് മാർച്ച് നടത്തി. കലക്ടറുമായി സംസാരിച്ചു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾക്ക് കമ്പനിയെ ഒന്നും ചെയ്യാനാവില്ല. കമ്പനി നിയമപരമായാണ് എല്ലാം ചെയ്തിട്ടുള്ളത്.' അതോടെ ഞങ്ങൾ നിരാശരായി മടങ്ങി. നിരാഹാര സമരം അവസാനം ഉപേക്ഷിക്കേണ്ടിവന്നു.

തമിഴ്നാട്ടിലെ സഖാക്കൾ ഉയർന്ന ധാർമികബോധമുള്ളവരായിരുന്നു. പുകവലിയും മദ്യപാനവും പൊതുവെ ഇല്ലായിരുന്നു. പുതിയ തൊഴിലാളികൾക്ക് പാർട്ടി വിദ്യാഭ്യാസം നൽകി വളർത്തിക്കൊണ്ടുവരുമായിരുന്നു. ഇവിടെ കേരളത്തിൽ ഇതൊന്നുമായിരുന്നില്ല അവസ്ഥ. ഇംഗ്ലീഷും ചില നിയമങ്ങളും അറിയുന്നവർ പാർട്ടിയുടെ തലപ്പത്തിരിക്കും, നേതാക്കളാകും അത്രമാത്രം! ഇത്തരം കാരണങ്ങൾകൊണ്ട് പാർട്ടിയോട് അഭിപ്രായവ്യത്യാസം തോന്നി നിരാശനായി കഴിയുകയായിരുന്നു ഞാൻ.

പക്ഷേ, പിന്നീട് ഇ.എം.എസും പാർട്ടിയും കശ്മീർ പ്രശ്നത്തിൽ ആദ്യം സ്വീകരിച്ച നയത്തിൽനിന്ന് പിറകോട്ടു പോയി. പാർട്ടി വളർന്നപ്പോൾ പലതും അവരുപേക്ഷിച്ചു. അധികാരത്തോടുള്ള ആർത്തി കമ്യൂണിസ്റ്റ് പാർട്ടിയെ പിടികൂടി. രാഷ്ട്രീയം ഒരു കച്ചവടമാണെന്ന ചിന്ത അക്കാലത്ത് എന്റെ ഉള്ളിൽ വളരാൻ തുടങ്ങി. അധികാരം മുൻനിർത്തിയുള്ള ബന്ധങ്ങളും സഖ്യങ്ങളും രൂപപ്പെട്ടുവരാൻ തുടങ്ങി. ഇതൊക്കെ എന്റെ മനസ്സിൽ പാർട്ടിയോട് വലിയ മടുപ്പുണ്ടാക്കി. അതോടെ എന്റെ പ്രവർത്തനം കുറഞ്ഞു. പാർട്ടി വിടുന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചു.

പിന്നീടാണ് പാർട്ടി രണ്ടായി പിളർന്നതും സി.പി.ഐക്ക് മന്ത്രിസഭയിൽ പ്രാതിനിധ്യം കിട്ടിയതും. മറുപക്ഷം എ.കെ ഗോപാലന്റെയും ഇ.എം.എസ്സിന്റെയും നേതൃത്വത്തിൽ നിലകൊണ്ടു. ജനങ്ങൾക്കിടയിൽ ഈ വിഭാഗത്തിന് വലിയ സ്വാധീനമില്ലായിരുന്നു. പക്ഷേ, ഇ.എം.എസ് ചില വിഷയങ്ങളിൽ ആർജവത്തോടെ നിലപാടെടുത്തു. ഇന്ത്യാ-പാക്, ഇന്ത്യാ-ചൈന യുദ്ധങ്ങൾ, കശ്മീർ പ്രശ്നം തുടങ്ങിയ വിഷയങ്ങളിലുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ ഉദാഹരണം. അതിൽ താൽപര്യം തോന്നി. കുറച്ചുകാലം സി.പി.എമ്മിന്റെ പക്ഷത്തുനിന്നു. അവരുടെ സൈദ്ധാന്തിക നിലപാടുകളായിരുന്നു എന്നെ ആകർഷിച്ചത്. പക്ഷേ, അധികാരം വൈകാതെ അവരും അധികാരം ലക്ഷ്യം വെക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കി. ആദർശത്തിൽ വെള്ളം ചേർത്തും അധികാരം പിടിക്കുക എന്നത് സി.പി.എമ്മിന്റെ ലക്ഷ്യമായി മാറി. അതോടെ എനിക്ക് ആ പാർട്ടിയും മടുത്തു.

കച്ചവടത്തിന് വേണ്ടിയാണ് വർക്കലയിൽനിന്ന് കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ വന്നത്. വലിയ തൊഴിൽ സാധ്യതയുള്ള സ്ഥലമായിരുന്നു കുളത്തൂപ്പുഴ. ധാരാളം തൊഴിലാളികൾ പല സ്ഥലങ്ങളിൽനിന്നും വന്ന് അവിടെ താമസിച്ചിരുന്നു. 45 വർഷം ഞാനവിടെ താമസിച്ചു. ഉമയനല്ലൂർ ഇസ്‌ലാമിക് കോംപ്ലക്സിലെ ജോലിക്കാണ് കൊല്ലത്തു വന്നത്.

കുളത്തൂപ്പുഴയിൽ വന്നപ്പോൾ അവിടത്തെ സഖാക്കളുടെ ജീവിതം എന്നെ വല്ലാതെ സങ്കടപ്പെടുത്തി. കമ്യൂണിസ്റ്റുകാർക്കുണ്ടായിരിക്കേണ്ട ജീവിതരീതിയായിരുന്നില്ല അവരുടേത്. അവർ തൊഴിലാളികളെ പല രീതിയിൽ ചൂഷണം ചെയ്യുന്നവരായിരുന്നു. തോട്ടം തൊഴിലാളികളായിരുന്നു അവിടെ കൂടുതൽ. പാർട്ടി സഖാക്കൾ തോട്ടം മാനേജർമാരുമായി കൂട്ടുചേർന്നു, മദ്യപാനത്തിലും ചീട്ടുകളിയിലും മുഴുകി. ആവശ്യമില്ലാത്ത സമരത്തിലേക്ക് തൊഴിലാളികളെ വലിച്ചിഴക്കും, മാനേജ്മെന്റുകളുമായി അഡ്ജസ്റ്റുമെന്റുകൾ നടത്തി പണം നേടും. ബൂർഷ്വാ ജീവിതശൈലിയായിരുന്നു സഖാക്കൾക്ക്. പ്ലയേഴ്സ് സിഗററ്റ് വാങ്ങാൻ 6-7 കിലോമീറ്റർ ദൂരത്തേക്ക് അവർ തൊഴിലാളികളെ പറഞ്ഞയക്കും. അന്ന് ബൂർഷ്വകൾ വലിച്ചിരുന്ന സിഗററ്റായിരുന്നു പ്ലയേഴ്സ്. അന്നത്തെ നേതാവായിരുന്ന സഖാവ് ബാലകൃഷ്ണപിള്ള ഉൾപ്പെടെ നേതാക്കളിൽ പലരും മുഴുത്ത മദ്യപാനികളായിരുന്നു. ഇതെല്ലാം എന്നിൽ പാർട്ടിയെക്കുറിച്ച് വല്ലാത്ത മടുപ്പുളവാക്കി.

***ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെടുന്നത് എങ്ങനെയാണ്?***

പാർട്ടിയോട് മടുപ്പു തോന്നിയ സന്ദർഭത്തിലാണ് ഞാൻ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് പഠിക്കുന്നത്. 1965-ൽ തന്നെ ജമാഅത്തെ ഇസ്‌ലാമിയെ ഞാൻ പരിചയപ്പെട്ടിരുന്നു. റോഡുവിളയിൽ മുസ്തഫാ സാഹിബ് എന്നൊരാൾ ഉണ്ടായിരുന്നു. ഞങ്ങൾ ഇടക്കിടെ കണ്ടുമുട്ടാറുണ്ടായിരുന്നു. ഞങ്ങൾ തമിഴ്നാട്ടിൽ ഒരുമിച്ച് പ്രവർത്തിച്ചിരുന്നു, പാർട്ടി പ്രവർത്തനം ഒരുമിച്ച് നടത്തിയ പരിചയമാണുണ്ടായിരുന്നത്. പരസ്പരം രാഷ്ട്രീയ ചർച്ചകൾ നടത്തും. ഉറക്കമുപേക്ഷിച്ച് ദീർഘനേരം അത്തരം ചർച്ചകളിൽ മുഴുകാറുണ്ടായിരുന്നു. റോഡുവിളക്കാരനായ അദ്ദേഹം ചിലപ്പോൾ എന്നെ അങ്ങോട്ട് വിളിക്കും. ചിലപ്പോൾ എന്റെ നാടായ കു

ളത്തൂപ്പുഴയിൽ വരും.

ഒരിക്കൽ ചർച്ചക്കിടയിൽ അദ്ദേഹം പറഞ്ഞു: 'നമുക്കീ രാഷ്ട്രീയമൊക്കെ നിർത്താം. അതുകൊണ്ടൊന്നും കാര്യമില്ല. ജമാഅത്തെ ഇസ്‌ലാമി എന്നൊരു സംഘടന വന്നിട്ടുണ്ട്. ഭൂമിയിൽ ഇസ്‌ലാം സ്ഥാപിക്കുകയാണവരുടെ ലക്ഷ്യം. അതാണ് നമ്മളും ലക്ഷ്യമാക്കേണ്ടത്. നമുക്ക് അതിൽ ചേർന്ന് പ്രവർത്തിക്കാം. അവരുടെ ചില പുസ്തകങ്ങൾ എന്റെ കൈയിലുണ്ട്.'

എനിക്കാകട്ടെ അന്ന് ഇസ്‌ലാമിനോട് വലിയ ആഭിമുഖ്യമൊന്നുമുണ്ടായിരുന്നില്ല. പാർട്ടിയോട് വിയോജിപ്പുണ്ടായിരുന്നെങ്കിലും കമ്യൂണിസ്റ്റ് ആശയക്കാരൻ തന്നെയായിരുന്നു. ആരാധനകളൊന്നുമുണ്ടായിരുന്നില്ല. മുസ്ത്വഫ സാഹിബ് എനിക്ക് രണ്ടുമൂന്ന് പുസ്തകങ്ങൾ തന്നു. *യാഥാർഥ്യാന്വേഷണം* ആയിരുന്നു അതിലൊന്ന്. ദൈവാസ്തിക്യം എന്റെ മനസ്സിലുറപ്പിക്കാൻ ബോധപൂർവം തന്നതായിരുന്നു അത്. *ഇസ്‌ലാമിക ജീവിത വ്യവസ്ഥ, ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങൾ* എന്നിവയായിരുന്നു മറ്റു പുസ്തകങ്ങൾ. ഞാനതു വാങ്ങി വെച്ചു, വായിച്ചില്ല. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മുസ്ത്വഫാ സാഹിബ് വന്ന് അതെല്ലാം വായിച്ചോ എന്നന്വേഷിച്ചു. ഇല്ലെന്നു ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം വല്ലാതെ ദേഷ്യപ്പെട്ടു. പുസ്തകങ്ങൾ തിരികെ ചോദിച്ചു. അതോടെ എങ്ങനെയെങ്കിലും പുസ്തകങ്ങൾ വായിക്കണമെന്ന് എനിക്ക് നിർബന്ധമായി. രാത്രിതന്നെ *യാഥാർഥ്യാന്വേഷണം* വായിച്ചു. വായന കഴിഞ്ഞപ്പോൾ, അതുവരെ മതത്തെക്കുറിച്ചുണ്ടായ കാഴ്ചപ്പാടുകൾ മാറാൻ തുടങ്ങി. മതത്തെക്കുറിച്ച് പുതിയ ആശയങ്ങൾ നല്ല ഭാഷയിൽ അതിൽ വിവരിച്ചിരിക്കുന്നു. എന്നെ സംബന്ധിച്ച് അത് തികച്ചും പുതിയ ഒരനുഭവമായിരുന്നു. അതെന്നെ വല്ലാതെ ആകർഷിച്ചു, എന്നെ ആഴത്തിൽ സ്വാധീനിച്ചു. ഉടനെ ശേഷിക്കുന്ന രണ്ടു പുസ്തകങ്ങളും ഞാൻ വായിച്ചു. പിന്നീട് മുസ്ത്വഫാ സാഹിബിനെ കണ്ടപ്പോൾ പുസ്തകങ്ങൾ എനിക്കു വേണമെന്നു ഞാൻ പറഞ്ഞു. വേറെയും പുസ്തകങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു.

അക്കാലത്താണ് മുസ്ത്വഫാ സാഹിബ് എന്നെ കൊച്ചിക്കാരൻ സി.കെ കോയ സാഹിബിന് പരിചയപ്പെടുത്തിയത്. പള്ളുരുത്തി സ്വദേശിയായിരുന്ന അദ്ദേഹം, ജമാഅത്തെ ഇസ്‌ലാമിയുടെ മുഴുസമയ പ്രവർത്തകനായിരുന്നു അന്ന്. മെലിഞ്ഞ ശരീരപ്രകൃതം, എപ്പോഴും പുഞ്ചിരിക്കുന്ന മുഖം, വശ്യമായ പെരുമാറ്റം. അസ്വ്ർ നമസ്കാരശേഷം റോഡുവിളയിൽ, പീടികക്കോലായയിൽ പുസ്തകങ്ങൾ നിരത്തിവെച്ച് വിൽക്കും. ഒരുപാട് പേരെ പ്രസ്ഥാനമാർഗത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ട് അദ്ദേഹം. എന്നെക്കുറിച്ച് മുസ്ത്വഫാ സാഹിബ് അദ്ദേഹത്തോട് പറഞ്ഞു: 'ഇദ്ദേഹം വളരെക്കാലം കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്നു. ദീനുമായി ഒരു ബന്ധവുമില്ല. ഇപ്പോൾ ദീനിനെക്കുറിച്ച് പഠിക്കണമെന്ന് ആഗ്രഹമുണ്ട്.'

ഉടൻ അദ്ദേഹം എന്റെ അഡ്രസ് ഡയറിയിൽ കുറിച്ചുവെച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം എന്റെ അടുത്തുവന്നു. വളരെ സ്നേഹമസൃണമായ പെരുമാറ്റം. *ബുദ്ധിയുടെ വിധി, രക്ഷാസരണി* തുടങ്ങിയ പുസ്തകങ്ങൾ എനിക്ക് തന്നു. അവയെല്ലാം ഞാൻ വായിച്ചു. കുളത്തൂപ്പുഴയിൽനിന്ന് ഞാൻ പിന്നീട് സ്വദേശമായ മുത്താനയിലേക്ക് താമസം മാറ്റി. എന്റെ മൂത്ത സഹോദരൻ അബ്ദുൽജബ്ബാർ വിദേശത്തായിരുന്നു. അദ്ദേഹത്തിന് വേണ്ടി വീടുനിർമിക്കാനും അദ്ദേഹത്തിന്റെ മകളുടെ വിവാഹം നടത്തുന്നതിനുമാണ് ഞാൻ മുത്താനയിലേക്ക് വീണ്ടും താമസം മാറ്റിയത്.

നാട്ടിൽ നിൽക്കുമ്പോഴാണ് കെ.ടി അബ്ദുർറഹീം മൗലവിയെ പരിചയപ്പെടുന്നത്. വർക്കലക്കടുത്ത ഞാറയിൽകോണത്ത് പള്ളിയിൽ താമസിച്ച് പ്രസ്ഥാന പ്രവർത്തനങ്ങൾ നടത്തുകയായിരുന്നു ശാന്തപുരത്തുകാരനായ കെ.ടി അബ്ദുർറഹീം മൗലവി അന്ന്. ഞാറയിൽകോണം ഹൈസ്കൂളിലെ അധ്യാപകനായിരുന്ന ഫസ്‌ലുദ്ദീൻ സാഹിബിനെ കെ.ടിയുടെ പ്രസംഗം വല്ലാതെ ആകർഷിച്ചു. അദ്ദേഹം എന്റെ അടുത്ത് വന്ന് കെ.ടിയെക്കുറിച്ച് പറഞ്ഞു. നമ്മുടെ പള്ളിയിൽ കെ.ടിയെ കൊണ്ടുവന്ന് പ്രസംഗിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ഞാനന്ന് മുത്താനയിലെ പള്ളി ഭാരവാഹികൂടിയാണ്. ഞാനദ്ദേഹത്തോട് ഒരു ദിവസം കെ.ടിയെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. അതിനിടക്ക് ഞാറയിൽകോണത്ത് രണ്ടു ദിവസം വഅള് നടന്നിരുന്നു. വി.കെ ഇസ്സുദ്ദീൻ മൗലവി, മാള അബ്ദുസ്സലാം മൗലവി തുടങ്ങിയവർ വഅ്ളിന് വന്നിരുന്നു. ആ പ്രസംഗങ്ങൾ കഴിഞ്ഞതോടെ ഞാറയിൽകോണം മഹല്ല് ജമാഅത്തെ ഇസ്‌ലാമിക്ക് ഏറക്കുറെ വഴങ്ങിയിരുന്നു.

ഒരുദിവസം കെ.ടി ഞങ്ങളുടെ പള്ളിയിൽവന്നു. ചെറിയൊരു പള്ളിയായിരുന്നു അത്. മഗ്‌രിബിനാണ് വന്നത്. അന്ന് നമസ്കാരശേഷം കെ.ടി അവിടെ പ്രസംഗിച്ചു. ഇസ്‌ലാമിനെ പരിചയപ്പെടുത്തിയാണ് സംസാരിച്ചത്. സ്ത്രീകളും പങ്കെടുത്തിരുന്നു ആ പരിപാടിയിൽ. കെ.ടിയുടെ പ്രസംഗം എന്നിൽ വലിയ ആവേശമുണ്ടാക്കി. എന്റെ അഡ്രസ് നേരത്തേ കെ.ടി കോയാസാഹിബിന്റെ കൈയിൽ നിന്ന് വാങ്ങിയിരുന്നു. വന്ന പാടെ എന്നെ അന്വേഷിച്ചു, കണ്ടപ്പോൾ കെട്ടിപ്പിടിച്ചു. പ്രസംഗം കഴിഞ്ഞപ്പോൾ എനിക്ക് വീണ്ടും പ്രസംഗം കേൾക്കണമെന്ന് ആഗ്രഹം. ഇനിയും വരണമെന്ന് പറഞ്ഞു. വരാമെന്നേറ്റ അദ്ദേഹം രണ്ടാമതൊരിക്കൽ കൂടി ക്ലാസ്സെടുക്കാൻ വന്നു. പ്രസംഗശേഷം, 'ഇവിടെ കുറച്ച് യുവാക്കളെ കിട്ടുമെങ്കിൽ ഞാൻ ആഴ്ചയിലൊരിക്കൽ വന്ന് ഖുർആൻക്ലാസ് എടുക്കാം' എന്ന് അദ്ദേഹം എന്നോട് പറഞ്ഞു. അങ്ങനെ ആഴ്ചതോറും അദ്ദേഹം അവിടെ വരാൻ തുടങ്ങി. അദ്ദേഹത്തിന് വേണ്ടി ത്തന്നെ കുറേ കുട്ടികളെ സംഘടിപ്പിച്ചു. മുത്താനയിൽ എന്റെ ബന്ധുക്കൾ കൂടുതലുണ്ടായിരുന്നു. ആ ക്ലാസ്സുകൾ എനിക്ക് വല്ലാത്ത ആവേശം പകർന്നു. ഈ സന്ദേശം എവിടെയെങ്കിലും എത്തിക്കണമല്ലോ എന്ന് ഞാൻ ആഗ്രഹിച്ചു. ഫസ്‌ലുദ്ദീൻ മാസ്റ്ററുടെ അനുജൻ, സി.പി.ഐയുടെ താലൂക്ക് സെക്രട്ടറി അബ്ദുർറസാഖ് ഉണ്ടായിരുന്നു. ഞങ്ങൾ നല്ല അടുപ്പമുള്ളവരായിരുന്നു. ഞങ്ങൾ രണ്ടുപേരും പരിസരപ്രദേശങ്ങളിലൊക്കെ പോയി സ്കോഡ് നടത്താൻ തുടങ്ങി.

അബ്ദുർറസ്സാഖ് സാഹിബ് കമ്യൂണിസ്റ്റുകാരനായിരുന്നെങ്കിലും, അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും അവയുടെ വക്താക്കളും പ്രചാരകരുമായ പൗരോഹിത്യത്തിനും എതിരെ നിലകൊള്ളുന്ന പ്രസ്ഥാനമാണ് ജമാഅത്ത് എന്നതുകൊണ്ടാണ് പ്രസ്ഥാനത്തോട് സഹകരിച്ചിരുന്നത്. എച്ച്.എം ബഹുഗുണ എ.ഐ.സി.സി പ്രസിഡന്റായിരുന്ന കാലത്ത് ജമാഅത്തെ ഇസ്‌ലാമി, ആർ.എസ്.എസ് എന്നിവ വർഗീയ സംഘടനകളാണെന്നും അവയെ നിരോധിക്കണമെന്നും കോൺഗ്രസ് പ്രമേയം പാസ്സാക്കിയിരുന്നു. അന്ന് ജമാഅത്തെ ഇസ്‌ലാമി വർഗീയ സംഘടനയല്ല എന്ന് പ്രസ്താവന ഇറക്കിയ പ്രമുഖരിൽ അബ്ദുർറസ്സാഖ് സാഹിബ് മുൻപന്തിയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രസ്താവന *പ്രബോധനം* പ്രസിദ്ധീകരിച്ചിരുന്നു.

### *സ്കോഡ് അനുഭവങ്ങൾ?*

പാളയംകുന്ന് പ്രദേശത്ത് ഞങ്ങൾ സ്കോഡ് നടത്താൻ പോവുകയുണ്ടായി. അവിടത്തെ ഒരു നമസ്കാരപ്പള്ളിയിൽ കുറേ ചെറുപ്പക്കാരെ ഒരുമിച്ചുകൂട്ടി, ഇസ്‌ലാമിനെയും ജമാഅത്തെ ഇസ്‌ലാമിയെയും കുറിച്ച് സംസാരിച്ചു. 'ഖുർആൻ നമ്മളിൽനിന്ന് ഒളിച്ചുവെച്ചിരിക്കുകയായിരുന്നു ഇത്രയും കാലം. അതിലെ ആശയങ്ങൾ പഠിക്കാൻ കഴിയാത്ത അവസ്ഥയാണുണ്ടായിരുന്നത്. ഇപ്പോൾ എല്ലാം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. എല്ലാവരും മനസ്സിലാക്കേണ്ട സത്യമാണിത്. ഇപ്പോഴതിന് അവസരം വന്നുകിട്ടിയിരിക്കുന്നു. നാം ഖുർആൻ പഠിക്കണം അതേക്കുറിച്ച് ചിന്തിക്കണം' എന്നെല്ലാം ഞങ്ങൾ അവ

രോട് പറഞ്ഞു. അവർക്കതിൽ വലിയ താൽപര്യമുണ്ടായി. അവരുടെ കൂട്ടത്തിൽ പ്രമാണിയായ എം.കെ ആശാൻ ഉണ്ടായിരുന്നു. കോൺഗ്രസ്സിന്റെ ബ്ലോക്ക് പ്രസിഡന്റായിരുന്നു അദ്ദേഹം. ആശാൻ എ.ഐ.സി.സി സമ്മേളനത്തിൽ പങ്കെടുക്കാൻ പോയപ്പോൾ അവിടെവെച്ച് ജമാഅത്തെ ഇസ്‌ലാമി ബുക്സ്റ്റാൾ കാണുകയും കുറേ പുസ്തകങ്ങൾ വാങ്ങിക്കൊണ്ടുവരികയും ചെയ്തിരുന്നു. അതൊക്കെ വീട്ടിൽ ഭദ്രമായി സൂക്ഷിച്ചിരുന്നു അദ്ദേഹം. അതൊന്നും ഞങ്ങൾക്കറിയുമായിരുന്നില്ല. എം.കെ ആശാനുമായി മുമ്പ് ഒരു കൂടിക്കാഴ്ച നടന്നിരുന്നു. ഞാൻ പാർട്ടിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാലത്ത് അദ്ദേഹം ഒരുദിവസം എന്റെ വീട്ടിൽവന്നു. മതനിഷേധ പ്രസ്ഥാനമായ കമ്യൂണിസത്തിൽനിന്ന് വിട്ടുനിൽക്കണമെന്നും മതത്തോട് ആഭിമുഖ്യം പുലർത്തണമെന്നും എന്നോട് പറഞ്ഞു. ഞാൻ പറഞ്ഞു: 'ഇസ്‌ലാമിന് 100 മൈൽ പ്രയാണം ചെയ്യേണ്ടതുണ്ടെങ്കിൽ ഇസ്‌ലാമിന്റെ ആശയവുമായി യോജിച്ചുകൊണ്ട് കമ്യൂണിസം 75 മൈൽ സഞ്ചരിക്കുന്നുണ്ട്. മനുഷ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇവ രണ്ടും സമാനതയുള്ളതാണ്. അതുകൊണ്ട് യോജിക്കുന്നവയിൽ നിങ്ങൾ ഞങ്ങളോടൊപ്പം സഹകരിക്കുക. ശേഷിക്കുന്ന വിയോജിപ്പുള്ള പരലോകവിശ്വാസം പോലുള്ള വിഷയങ്ങൾ പിന്നീട് നമുക്കാലോചിക്കാം.' എന്റെ മറുപടി കേട്ടപ്പോൾ നിന്നോടൊന്നും പറഞ്ഞാൽ ശരിയാകില്ലെന്നു പറഞ്ഞ് അദ്ദേഹം പോയി. ഇസ്‌ലാമിനെക്കുറിച്ച് നന്നായി ക്ലാസ്സെടുക്കുന്ന ഒരാളാണ് കെ.ടി അബ്ദുർറഹീം, അദ്ദേഹത്തെ നമുക്കിവിടെ കൊണ്ടുവരാമെന്ന് ഞാൻ പറഞ്ഞു. അതവർ സമ്മതിച്ചു, പരിപാടിയും തീരുമാനിച്ചു. എം.കെ ആശാന്റെ വീട്ടിലാണ് ക്ലാസ് നടത്താൻ തീരുമാനിച്ചത്. ക്ലാസ് എല്ലാവർക്കും ഇഷ്ടപ്പെട്ടു. സ്ത്രീകളും കുട്ടികളുമെല്ലാം അതിൽ പങ്കെടുത്തിരുന്നു. കെ.ടിയുടെ ക്ലാസ് കഴിഞ്ഞപ്പോൾ അവർ ഒരു പണക്കിഴി കൊണ്ടുവന്നു, കെ.ടിക്ക് കൊടുക്കാനായിരുന്നു അത്. വഅ്ള് പറയാൻ വരുന്ന സുന്നി മുസ്‌ലിയാക്കന്മാർക്ക് പണക്കിഴി കൊടുക്കുന്ന പോലെ ജമാഅത്തുകാരനായ കെ.ടിക്കും കൊടുക്കണം എന്നാണവർ വിചാരിച്ചത്. 'ഇതൊരു പൊരുത്തത്തിനാണെ'ന്നും അവർ പറഞ്ഞു. കെ.ടിക്ക് അത് കണ്ടപ്പോൾ ചിരിവന്നു. അദ്ദേഹം പറഞ്ഞു: 'ഇതിനൊന്നും വേണ്ടിയല്ല, ഇസ്‌ലാമിന് വേണ്ടിയാണ് ഞാൻ പ്രസംഗിക്കാൻ വന്നത്. ഇസ്‌ലാമിന് സേവനം ചെയ്യുകയാണ് ഞങ്ങളുടെ ജോലി, കാശല്ല ഞങ്ങൾക്കാവശ്യം. നിങ്ങൾ ഇസ്‌ലാമിക മാർഗത്തിൽ പ്രവർത്തിക്കാൻ തയാറായാൽ മതി.' അദ്ദേഹം പണം സ്വീകരിച്ചില്ല. പിന്നീടും അവിടെ ക്ലാസ്സുകൾ നടക്കുകയുണ്ടായി.

***എതിർപ്പുകൾ?***

ഞങ്ങൾ നേരത്തേ യുവാക്കളെ ഒരുമിച്ചുകൂട്ടിയ പള്ളിയിൽ ഒരു മതപ്രഭാഷണ പരമ്പര സംഘടിപ്പിക്കാൻ അവിടത്തെ യാഥാസ്ഥിതികർ തീരുമാനിച്ചു. ജമാഅത്തിനെതിരായിരുന്നു പരിപാടി. നാട്ടിലൊക്കെ നോട്ടീസടിച്ച് വിതരണം ചെയ്തു. സുന്നി പണ്ഡിതന്മാരായിരുന്നു പ്രസംഗകർ. എന്താണ് അവർ പറയുന്നതെന്നറിയാൻ ഞങ്ങളും പോയിരുന്നു. വളരെ മ്ലേഛമായ ഭാഷയിൽ ജമാഅത്തെ ഇസ്‌ലാമിയെ വെല്ലുവിളിച്ചുകൊണ്ടാണവർ പ്രസംഗിച്ചത്. 'ആരെടാ ഇവിടെ ആളെ കൊണ്ടുവന്ന് ക്ലാസ് നടത്തിയത്? വല്ല അടുക്കളയിലും പോയി ക്ലാസ് നടത്തിയതെന്തിനാണ്? തന്റേടമുണ്ടെങ്കിൽ, ആണത്തമുണ്ടെങ്കിൽ ഈ വേദിയിൽ വന്ന് പറ. ഇസ്‌ലാമിനെ ഒളിച്ചുവെച്ച് പറയേണ്ട കാര്യമൊന്നുമില്ല.' ഇങ്ങനെയൊക്കെയാണ് പ്രസംഗകർ പറഞ്ഞത്. ആശാന്റെ വീട്ടിൽവെച്ച് ക്ലാസ് നടത്തിയതിനെക്കുറിച്ചായിരുന്നു അങ്ങനെ പറഞ്ഞത്.

അതു കേട്ടപ്പോൾ എനിക്ക് ഭയങ്കര പ്രയാസമായി. എന്തുവന്നാലും അതിന് മറുപടി പറയണമെന്ന് തോന്നി. അങ്ങനെ അന്ന് അഴീക്കോട് മദ്റസയിൽ അധ്യാപകനായിരുന്ന കെ.ടിയെ ചെന്നുകണ്ട് വിഷയം പറഞ്ഞു. 'നമുക്ക് പ്രസംഗിക്കാൻ അവർ അവസരം തരില്ല, അതവരുടെ സാധാരണ ശൈലിയാണ്. അത് നമ്മൾ പരിഗണിക്കേണ്ടതില്ല' എന്നാണ് കെ.ടി പ്രതികരിച്ചത്. പക്ഷേ, ഞാൻ വിട്ടില്ല. 'അത് പറ്റത്തില്ല, നമ്മെ വെല്ലുവിളിച്ചതാണ്. ഞാനവരോട് ചോദിച്ചതാണ്, ആളെകൊണ്ടുവന്നാൽ പ്രസംഗിക്കാൻ അവസരമുണ്ടാകുമോ എന്ന്. അവർ സമ്മതിച്ചിട്ടുണ്ട്. നമുക്ക് കിട്ടുന്ന അവസരമാണ്. അതുകൊണ്ട് മൗലവി വന്നേ പറ്റൂ' എന്നായി ഞാൻ. അടുത്തദിവസം ഞാൻ കെ.ടിയെയും കൂട്ടി അവിടെയെത്തി. ഞങ്ങൾ പ്രവർത്തകരായ പത്തിരുപത് ചെറുപ്പക്കാരുണ്ടായിരുന്നു.

മഗ്‌രിബ് നമസ്കാരം കഴിഞ്ഞപ്പോൾ ഞങ്ങൾ അന്ന് പ്രസിദ്ധിനേടിയിരുന്ന സുന്നി പണ്ഡിതൻ സലീം മൗലവിയെ കണ്ടു. അദ്ദേഹമായിരുന്നു ആദ്യത്തെ പ്രസംഗകൻ. കെ.ടിയെ കണ്ടതും സലീം മൗലവി അദ്ദേഹത്തെ കെട്ടിപ്പിടിച്ചു. അപ്പോഴാണ് ഞങ്ങളറിഞ്ഞത്, അവർ സുഹൃത്തുക്കളായിരുന്നുവെന്ന്.

സലീം മൗലവി, കെ.ടിയെ ഭക്ഷണത്തിന് ക്ഷണിച്ചു. എന്റെ കൂടെ കുറേ ആളുകളുണ്ട്, അതുകൊണ്ട് ഞാൻ വരുന്നില്ലെന്നു പറഞ്ഞ് കെ.ടി ഒഴിഞ്ഞുമാറി. അവരെയും വിളിക്കണമെന്നായി സലീം മൗലവി. പക്ഷേ, ഞങ്ങൾ പോകാതെ, കെ.ടിയെ പറഞ്ഞയച്ചു. നിർബന്ധിച്ചപ്പോൾ അദ്ദേഹം പോയി. അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിച്ച് തിരിച്ചുവന്നു. പ്രസംഗം തുടങ്ങാൻ സമയമായി. ഫാതിഹ ഓതി പ്രാർഥന കഴിഞ്ഞപ്പോൾ സലീം മൗലവി എഴുന്നേറ്റു നിന്ന് പറഞ്ഞു: 'ഇവിടെ എന്റെ സുഹൃത്ത് കെ.ടി അബു –അങ്ങനെയാണദ്ദേഹം കെ.ടിയെ വിളിച്ചിരുന്നത്– വന്നിട്ടുണ്ട്. പ്രസംഗിക്കാൻ വന്നതാണ്. പക്ഷേ, എന്നോട് നാലുദിവസത്തെ പ്രസംഗം നടത്തണമെന്ന് ഇവിടെയുള്ളവർ പറഞ്ഞിട്ടാണ് ഞാൻ വന്നത്. നിങ്ങൾക്ക് താൽപര്യം കെ.ടിയുടെ പ്രസംഗമാണെങ്കിൽ വിരോധമില്ല, ഞാൻ പൊയ്ക്കൊള്ളാം. അതല്ല, നിങ്ങൾ പറഞ്ഞപോലെ ഞാൻ നാലു ദിവസം പ്രസംഗിക്കുകയാണെങ്കിൽ അതുകഴിഞ്ഞ് കെ.ടിക്ക് പ്രസംഗിക്കാം. എന്തുവേണമെന്ന് നിങ്ങൾ തീരുമാനിക്കുക, പതിനഞ്ചു മിനിറ്റ് സമയം തരാം.' ഇതു പറഞ്ഞ് അദ്ദേഹം ഇരുന്നു. അതോടെ ജനങ്ങൾക്കിടയിൽ വലിയ ചർച്ചയായി, ആരെയാണ് പ്രസംഗിപ്പിക്കേണ്ടതെന്ന്. പതിനഞ്ചു മിനിറ്റ് കഴിഞ്ഞും തീരുമാനമായില്ല. 'പ്രസംഗിക്കാൻ സമയം തരാമെന്ന് നിങ്ങൾ നേരത്തെ സമ്മതിച്ചതുകൊണ്ടാണ് ഞങ്ങൾ കെ.ടിയെ കൊണ്ടുവന്നത്, അതുകൊണ്ട് അദ്ദേഹത്തെ പ്രസംഗിപ്പിക്കണ'മെന്ന് ഞാൻ പറഞ്ഞു. പ്രസംഗിക്കാൻ അവസരം തന്നേ മതിയാകൂ എന്നായി ഞങ്ങൾ. ജനങ്ങൾ അതോടെ ഗ്രൂപ്പ് തിരിഞ്ഞു. കാര്യങ്ങൾ വഷളാകുമെന്ന് തോന്നി. ജനങ്ങൾ ഭിന്നിച്ചാൽ മോശമാണെന്ന് ഞങ്ങൾക്കു തോന്നി. പിന്നീട് കെ.ടി ഇടപെട്ടു: 'അവർ നമുക്ക് അവസരം തരില്ല, നമുക്ക് പോകാം. ഇതുകഴിഞ്ഞിട്ട് പ്രസംഗിക്കാം എന്നു പറയുന്നത് അവരുടെ കാപട്യമാണ്.' അങ്ങനെ ഞങ്ങളവിടന്ന് പോന്നു.

(തുടരും)